"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - കടുത്തുരുത്തി ബൈപ്പാസ് നിർമ്മാണവുമായി ബന്ധപെട്ട് കോട്ടയം സബ് കോടതിയിലെ LAR 04/2015 നമ്പർ കേസിലെ വിധിക്കടത്തുക അനുവദിച്ച് പുതുക്കിയ ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.959/2026/PWD തീയതി,തിരുവനന്തപുരം, 19-08-2026

---

പരാമർശം:- 1. GORt 751/2026/PWD തീയതി 15-07-2026

2. പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ 15.07.2026, 29/07/2026 തീയതികളിലെ CEPWD/12574/2022-FR7-PWD നമ്പർ കത്ത്.

**ഉത്തരവ്**

കടുത്തുരുത്തി ബൈപ്പാസ് നിർമ്മാണവുമായി ബന്ധപെട്ട് കോട്ടയം സബ് കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള വിവിധ LAR കേസുകൾക്ക് അനുവദിക്കേണ്ട തുകയായ 5,39,01,209 രൂപ 5054-04-337-80-00-00-PC എന്ന ശീർഷകത്തിൽ മേൽ പരാമർശം 1 പ്രകാരം അനുവദിച്ചിരുന്നതാണ്.

2. മേൽ വിഷയവുമായി ബന്ധപ്പെട്ട LAR 04/2015 നമ്പർ കേസിന് വിധിക്കടത്തുക നൽ കുന്നതിനായി 5,42,14,804/- രൂപ ആവശ്യമാണെന്നും, പ്രസ്തുത തുക അനുവദിക്കുന്നതിലേക്കായി മുൻപ് അനുവദിച്ച 5,39,01,209 രൂപയ്ക്കുള്ള ഭരണാനുമതിയോടൊപ്പം ടി. തുകയും കൂടി ഉൾപ്പെടുത്തി ആകെ 10,81,16,013/- രൂപയ്ക്കുള്ള പുതുക്കിയ ഭരണാനുമതി 5054-04-337-80-00-00-PC എന്ന ശീർഷകത്തിൽ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് മേൽ പരാമർശം 2 പ്രകാരം നിരത്ത് വിഭാഗം ചീഫ് എൻഞ്ചിനീയർ അപേക്ഷിച്ചിരുന്നു.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൻറ അടിസ്ഥാനത്തിൽ കടുത്തുരുത്തി ബൈപ്പാസ് നിർമ്മാണവുമായി ബന്ധപെട്ട് കോട്ടയം സബ് കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള LAR 04/2015 നമ്പർ കേസിന് വിധിത്തുക നൽകുന്നതിനു വേണ്ട 5,42,14,804/- രൂപ അനുവദിക്കുന്നതിലേക്കായി പരാമർശം 1 ലെ ഉത്തരവ് പ്രകാരം അനുവദിച്ച 5,39,01,209/- രൂപയ്ക്കുള്ള ഭരണാനുമതിയോടൊപ്പം ടി. തുകയും കൂടി ഉൾപ്പെടുത്തി ആകെ 10,81,16,013/- രൂപയുടെ (പത്ത് കോടി എൺപത്തി ഒന്ന് ലക്ഷത്തി പതിനാറായിരത്തി പതിമൂന്ന് രൂപ മാത്രം) പുതുക്കിയ ഭരണാനുമതി 5054-04-337-80-00-00-PC എന്ന ശീർഷകത്തിൽ അനുവദിച്ചുകൊണ്ട് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SATHEESH KUMAR C
ജോയിന്റ് സെക്രട്ടറി

പകർപ്പ്:-

ചീഫ് എൻജിനീയർ (നിരത്ത് വിഭാഗം), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
സൂപ്രണ്ടിംഗ് എൻജിനീയർ (നിരത്ത് വിഭാഗം), സൗത്ത് സർക്കിൾ, തിരുവനന്തപുരം.
ജില്ലാ കലക്ടർ, കോട്ടയം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, (നിരത്ത് വിഭാഗം), പൊതുമരാമത്ത് വകുപ്പ്, കോട്ടയം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Digitally signed by
Savitha .O.D
Date: 19-08-2026
12:01:11

സെക്ഷൻ ഓഫീസർ